**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2381** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.ആർ.എസ്. വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പി.ആർ.എസ്. വായ്പ സംവിധാനത്തെ കർഷകർ ഭയത്തോടെയാണ് നോക്കിക്കാണുന്നതെന്നും നിരവധി കർഷകർ പി.ആർ.എസ്. വായ്പ സ്വീകരിക്കാൻ തയ്യാറാകുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില കർഷകർ പി.ആർ.എസ് വായ്പാപദ്ധതി മുഖേന നെല്ലിന്റെ വില സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ബി) | കർഷകന് ലോൺ ഉള്ള ബാങ്കുകൾ ആണെങ്കിൽ ബാധ്യത തുക കുറച്ചുകൊണ്ട് മാത്രമേ ബാങ്കുകൾ പി.ആർ.എസ്. വായ്പ നൽകുകയുള്ളൂ എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കർഷകനെ ദോഷകരമായി ബാധിക്കുന്ന ഈ പാഡി റെസീപ്റ്റ് സ്ലിപ് സമ്പ്രദായം നിർത്തലാക്കി സംഭരിച്ച നെല്ലിന് മറ്റ മാർഗ്ഗങ്ങളിലൂടെ അടിയന്തിരമായി തുക നൽകാൻ തയ്യാറാകുമോ? | (സി) | സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതു വിതരണ ശൃംഖല വഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനു വേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് വായ്പ മുഖാന്തരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകിവരുന്നുണ്ട്. നിലവിൽ പി.ആർ.എസ് സമ്പ്രദായത്തിൽ നിന്ന് പിൻമാറുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ